പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1618

15/02/2016 ൽ മറുപടിക്ക്

ഗോവർദ്ധിനി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി.വിൻസെന്റ് : | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി). |
| എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) 2014-15 സാമ്പത്തിക വർഷം മുതൽ ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) 1.കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.<br>2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായപൂർത്തിയാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.<br>3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്ക് തന്നെ നടക്കുക.<br>4. രണ്ടുപ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക അതായത് 13 മാസത്തിൽ കവിയാതിരിക്കുക.<br>5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുല്പാദനശേഷി മുഴുവനും പ്രയോജനപ്പെടുത്തുക.<br>6. ഇപ്പോൾ നിലവിലുള്ള ഉത്പാദനശേഷി കുറഞ്ഞ പശുക്കൾക്ക് പകരം അത്യുല്പാദനശേഷിയുള്ള പശുക്കളുടെ ഒരു തലമുറ ഉത്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക.<br>7. കേരളത്തിലെ ആകെ പാലുല്പാദനം വർദ്ധിപ്പിക്കുക. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) 2014-15 സാമ്പത്തിക വർഷം 24 കോടി രൂപ ഗോവർദ്ധിനി പദ്ധതിയ്ക്കായി വകയിരുത്തുകയും 38,160 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുന്നതിനും സാധിച്ചു. ഈ സാമ്പത്തിക വർഷം ഗോവർദ്ധിനിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി തുക ജില്ലകളിലേക്ക് കൈമാറിയിട്ടുണ്ട്. കഴിഞ്ഞ വർഷം എൻറോൾ ചെയ്ത 38,160 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും ഈ വർഷം എൻറോൾ ചെയ്യാൻ ഉദ്ദേശിക്കുന്ന 9,840 കന്നുകുട്ടികൾക്കും വേണ്ടി തുക വിനിയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ